# സമഗ്ര ശിക്ഷാ കേരളം

A

## വാർഷിക മൂല്യനിർണ്ണയം 2024-2025

712

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാലെണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

പ്രവർത്തനം 1 വായിക്കാം എഴുതാം

### നീർപക്ഷികളുടെ കൂടൊരുക്കൽകാലം

വെള്ളത്തിൽ നടന്ന് ഇരതേടുന്ന പക്ഷികൾക്ക് പൊതുവായ ചില ശാരീരിക പ്രത്യേകതകളുണ്ട്. ഇതിൽ ഏറ്റവും പ്രധാനം നീണ്ട കാലുകളും നീണ്ട കഴുത്തുകളുമാണ്. ജലക്കെട്ടുകളിൽ നടന്ന് ഇരതേടുന്നതിനു നീണ്ട കാലുകൾ സഹായിക്കും. ജലജീവികളെ വലിയ ആയാസം കൂടാതെ കൊത്തിയെടുക്കാൻ നീണ്ട കഴുത്തും കൊക്കും ഗുണം ചെയ്യും. വെള്ളത്തിൽ നടന്ന് ഇരപിടിക്കുന്ന പക്ഷികളുടെ മറ്റ് പ്രത്യേകതകൾ കൂടി പരിഗണിച്ച് ഇക്കൂട്ടരെ മൂന്നായി തരംതിരിക്കാം. ക്രെയിൻ, സ്റ്റോർക്ക്, ഹെറൻ. ഇംഗ്ലീഷ് പേരുകൾ യഥാക്രമം സാരസങ്ങൾ, ബകങ്ങൾ, ഞാറകൾ എന്നിങ്ങനെ മലയാളീകരിക്കാം. സാരസങ്ങളാണ് ഇക്കൂട്ടത്തിലെ വലിയ പക്ഷികൾ. കേരളത്തിൽ ഇവയെ കാണാറില്ല. എന്നാൽ ചില ജാതി സാരസങ്ങൾ തമിഴ്നാട്ടിൽ കാണാറുണ്ട്. രാജസ്ഥാനിലെ ഭരത്പൂർ പക്ഷി സങ്കേതത്തിലെ പ്രധാന ആകർഷകങ്ങളിൽ ഒന്ന് സൈബീര്യായയിൽ നിന്ന് എത്തുന്ന സാരസങ്ങൾ ആണ്. ഇവ ആകാശത്തേക്ക് കൊക്ക് ഉയർത്തിപ്പിടിച്ച് ഉച്ചത്തിൽ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കാറുണ്ട്. കൂടൊരുക്കുന്ന കാലത്ത് ആണും പെണ്ണും ചേർന്ന് മുഖാമുഖംനിന്ന് ഇത്തരത്തിൽ പാട്ടുകച്ചേരികൾ നടത്തുക പതിവാണ്.

സി. റഹിം

1. പക്ഷികളുടെ നീണ്ട കാലും കഴുത്തും എന്തിന് സഹായകരമാണ്?
   (എ) വെള്ളത്തിൽ ഇരതേടാൻ (ബി) വെള്ളത്തിൽ നടക്കാൻ
   (സി) വെള്ളം കുടിക്കാൻ (ഡി) വെള്ളത്തിൽ മുങ്ങാൻ
2. ക്രെയിൻ, സ്റ്റോർക്ക്, ഹെറൻ വിഭാഗം പക്ഷികളുടെ പ്രത്യേകത?
   (എ) ഇരകളെ കൊത്തിനോവിക്കുന്നു (ബി) വെള്ളത്തിൽ നിന്ന് ഇര പിടിക്കുന്നു
   (സി) ഇരകളെ ദിവസങ്ങളോളം സൂക്ഷിക്കുന്നു (ഡി) ഇരകളെ പങ്കുവച്ച് കഴിക്കുന്നു.
3. സാരസങ്ങളുടെ പ്രത്യേകത എന്ത്?
   (എ) പറക്കാറില്ല (ബി) വലിയ പക്ഷികൾ
   (സി) ഭാരക്കൂടുതൽ (ഡി) ചിറകില്ല
4. ഭരത്പൂർ പക്ഷിസങ്കേതത്തിലെ ആകർഷണം?
   (എ) സൈബീരിയയിൽ നിന്ന് എത്തുന്ന സാരസം (ബി) വെള്ളത്തിലെ നീർപക്ഷികൾ
   (സി) പഞ്ചവർണ്ണതത്തകൾ (ഡി) കൂനിയിരിക്കുന്ന കുളക്കൊക്കുകൾ
5. സാരസങ്ങൾ പാട്ടുകച്ചേരി നടത്തുന്നത് എപ്പോഴാണ്?
   (എ) കൂടൊരുക്കുമ്പോൾ (ബി) ഇര തേടുമ്പോൾ
   (സി) ഇണയെ കാണുമ്പോൾ (ഡി) ശത്രുവിനെ കാണുമ്പോൾ

**പ്രവർത്തനം 2 (എ) കത്ത്**

*'അതുങ്ങള് വന്ന് ആറ്റിലെല്ലാം വെഷം കലക്കീട്ട്പോയത് നിങ്ങളെല്ലാം ഒന്നുംമിണ്ടാതെ നോക്കി നിന്നു അല്ലേ'.*

ആറ്റിറമ്പ് ഗ്രാമത്തിലെ പുഴയിൽ ഇതരനാട്ടുകാർ വന്നു മീൻപിടിച്ചുകൊണ്ടുപോയ കാര്യമറിഞ്ഞ് നാട്ടിലെ മീൻപിടുത്തക്കാർ ക്ഷുഭിതരായി പറഞ്ഞതാണിത്.

കച്ചവടലാഭം മാത്രം നോക്കി പുഴകളെ മലിനമാക്കുന്നതും മത്സ്യങ്ങൾക്ക് വംശനാശ ഭീഷണി ഉയർന്നതും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത് പ്രസിഡന്റിന് കത്തെഴുതുക.

**ബി)** 'പൊന്മാൻ കഥാകൃത്തിന്റെ കൈയിൽ നിന്നും പത്തുരൂപാ നോട്ട് കൊത്തിയെടുത്ത് പറക്കാൻ തുടങ്ങി' - വ്യക്തമാകുന്ന ആശയമെന്ത്?

(ജീവജാലങ്ങളുടെ തന്ത്രങ്ങൾ വ്യത്യസ്തമാണ്, മത്സ്യത്തിനു പകരം നോട്ടുതിന്നാം എന്ന് ചിന്തിച്ചു, പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ സ്വയം കണ്ടെത്തേണ്ടതാണ്, മത്സ്യവും നോട്ടും തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ടു)

**പ്രവർത്തനം 3 (എ) അഭിമുഖ ചോദ്യാവലി**

*"ഓ നല്ല മര്യാദക്കാര്! ആരും കാണാനില്ലെങ്കിൽ ഇവമ്മാരും നഞ്ചു കലക്കി തന്നല്ലോ മീൻപിടുത്തം. 'നാളത്തെ പൊൻമാൻ' എന്ന കഥയിലെ നാട്ടുകാരന്റെ വേദന നിങ്ങൾ കണ്ടില്ലേ?*

ആറ്റിറമ്പിനെ കുറിച്ച് കൂടുതലറിയാൻ പൊൻമാനുകളുടെ നാട്ടിലേക്ക് ഒരു യാത്ര പോയാലോ... അവർ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ അറിയുന്നതിനുവേണ്ടിയുള്ള ചോദ്യാവലി തയ്യാറാക്കുക. (നാല് ചോദ്യങ്ങൾ നിർമ്മിക്കണം)

**ബി)** 'പ്രളയാവസാനം' കവിത എഴുതിയതാര്?

(കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, പുനലൂർ ബാലൻ, സുഗതകുമാരി)

**പ്രവർത്തനം 4 (എ) താരതമ്യക്കുറിപ്പ്**

**കൂട്ട്**

ഒന്ന് ആയി നിന്നാൽ ഒന്നുമാവില്ല
ഒന്നായി നിന്നാൽ ഒന്നാമതാവാം
ഒത്തുപത്തുകൈകൾ ചേർന്നാൽ
ഒത്ത മലയും ആഞ്ഞുപൊക്കാം

അനയ്കൃഷ്ണ കെ.പി

സച്ചിദാനന്ദന്റെ 'കൈകോർത്തവർ പറഞ്ഞത്' എന്ന കവിത വായിച്ചില്ലേ. കവിതയുടെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ബി) 'ഒരുമ' എന്ന സന്ദേശം നൽകുന്ന പഴഞ്ചൊല്ല് തിരഞ്ഞെടുക്കുക.
(ആപത്ത് പറ്റത്തോടെ, നിറകുടം തുളുമ്പില്ല, ഐക്യമത്യം മഹാബലം, തനിക്കുതാനും പുരയ്ക്കുതൂണും)

പ്രവർത്തനം 5 (എ) ആസ്വാദനക്കുറിപ്പ്

ഇല

മൊട്ടുപോലിരുന്നപ്പോൾ
അവളൊരു ചെമ്പനിനീരായിരുന്നു.
പതിയെ അവൾ തത്തമ്മത്തൂവലിന്റെ
മിനുത്ത ഇളം പട്ടുപോലായി
ദിവസങ്ങൾ പോയതിനിടയിൽ
എത്ര ഉറുമ്പുകളാണ്
അവളെ മടക്കി വീടുണ്ടാക്കാൻ ശ്രമിച്ചത്!
കുശുമ്പന്മാർ..
അവൾ തന്നെത്താൻ പറഞ്ഞു.
ദിവസം തോറും
അവൾ മഞ്ഞയായിക്കൊണ്ടിരുന്നു.
വിരിഞ്ഞപ്പോൾ പൂപോലെ മൃദുലം
പിന്നെ പച്ച
ഇപ്പോഴിതാ മഞ്ഞ
ഇനി നാളെ എന്താവും?
അവൾ ആശയോടെ സ്വപ്നം കണ്ടു.
പക്ഷേ, അവൾക്കറിയില്ലല്ലോ,
അവളിനി മണ്ണിൽ ഞെട്ടറ്റു വീഴുമെന്ന്!

ആതിര കെ.

കവിത വായിച്ചില്ലേ. ഇലയുടെ രൂപഭാവമാറ്റങ്ങൾ മനോഹരമാണ്. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം 6 (എ) കഥാപാത്രനിരൂപണം

'അവസാനത്തെ ഇല'യിലെ ബെർമാൻ ഒരു അത്ഭുതമനുഷ്യനാണ്. അയാളുടെ ഇടപെടലാണ് ജോൺസിയെ ജീവിതത്തിലേക്ക് തിരികെ എത്തിച്ചത്. ബെർമാനെക്കുറിച്ചുള്ള നിങ്ങളുടെ വായനാനുഭവം ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

ബി) 'കിണറ്റിൽ വീണപൂച്ചയെ എങ്ങനെ കരകയറ്റാം' എന്ന പാഠഭാഗത്തെ ആശയവുമായി പൊരുത്തപ്പെടാത്ത പ്രസ്താവന ഏത്?

(വാക്കിലല്ല പ്രവൃത്തിയിലാണ് കാര്യം, സഹജീവികളോടുള്ള കരുതൽ നമ്മുടെ കടമയാണ്,

പ്രവൃത്തിയിലല്ല പ്രസംഗത്തിലാണ് കാര്യം, എല്ലാവർക്കും തൻകാര്യം തന്നെയാണ് പ്രധാനം)